**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല – ഏറാമല ഗ്രാമപഞ്ചായത്ത് - ജൈവമാലിന്യ പ്ലാന്റിന്റെ നിർമ്മാണോദ്ഘാടന ചെലവ് - ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2781/2018/തസ്വഭവ　　　　　　　　തിരുവനന്തപുരം, തീയതി, 31/10/2018

---

പരാമർശം:- 　ഏറാമല ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06/10/2018 ലെ എ 3-3760/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഏറാമല ഗ്രാമ പഞ്ചായത്ത് 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 45,00,000/- രൂപയോളം ചെലവഴിച്ച് ജൈവമാലിന്യ പ്ലാന്റിന്റെയും, പ്ലാസ്റ്റിക് ഷ്രെഡിങ്ങ് യൂണിറ്റിന്റെയും, പണി പൂർത്തീകരിക്കുകയും, പ്രസ്തുത പ്ലാന്റിന്റെ ഉദ്ഘാടന ചടങ്ങ് ഒക്ടോബർ 3-ാം വാരത്തിൽ നിർവ്വഹിക്കുന്നതിന് ഭരണ സമിതി തീരുമാനമെടുക്കുകയും ചെയ്തിരുന്നു, ടി ഉദ്ഘാടന ചടങ്ങിന് ഏകദേശം 50,000/- രൂപയോളം ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നതെന്നും, നിലവിൽ ഗ്രാമ പഞ്ചായത്ത് അസാധാരണ ചെലവ് ഇനത്തിൽ ഒരു ലക്ഷം രൂപ ചെലവഴിച്ച സാഹചര്യത്തിൽ ഉദ്ഘാടന ചടങ്ങിന് 50,000/- രൂപ (അൻപതിനായിരം) രൂപ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം ഏറാമല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജൈവമാലിന്യ പ്ലാന്റിന്റെയും, പ്ലാസ്റ്റിക് ഷ്രെഡിങ്ങ് യൂണിറ്റിന്റെയും ഉദ്ഘാടന ചടങ്ങിന് 50,000/- രൂപ (അൻപതിനായിരം) രൂപ ഏറാമല ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ കെ.ജെ
**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പ്രസിഡന്റ്/സെക്രട്ടറി, ഏറാമല ഗ്രാമപഞ്ചായത്ത്, ഓർക്കാട്ടേരി പി.ഒ, കോഴിക്കോട് - 673501
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ